# പതിനാലാം കേരള നിയമസഭ
# (പത്തൊൻപതാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:1281** **05.03.2020-ൽ മറുപടിയ്ക്ക്**

## ഉൾനാടൻ മത്സ്യബന്ധനവും മത്സ്യോത്പാദനവും

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എസ്.രാജേന്ദ്രൻ | ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
| എ) സംസ്ഥാനത്ത് ഉൾനാടൻ മത്സ്യ ബന്ധനവും മത്സ്യോത്പാദനവും വർദ്ധിപ്പിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വെളിപ്പെടുത്താമോ; | എ) സംസ്ഥാനത്ത് ഉൾനാടൻ മത്സ്യ സമ്പത്തിന്റെ കുറവ് പരിഹരിക്കുകയെന്ന ലക്ഷ്യത്തോടെ ഉൾനാടൻ മത്സ്യ ഉൽപാദനം വർദ്ധിപ്പിക്കുന്നതിനായി വിവിധ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നു. ജനകീയ മത്സ്യകൃഷിയിലൂടെ സംസ്ഥാനത്ത് 21 ഇനം കൃഷി രീതികൾ നടപ്പിലാക്കിവരുന്നു. നടപ്പ് സാമ്പത്തിക വർഷം ജനകീയ മത്സ്യകൃഷി പദ്ധതിയിൽ 74.2 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. കൂടാതെ നീല വിപ്ലവം പദ്ധതിയിൽ ഉൾപ്പെടുത്തി മത്സ്യകൃഷി മേഖലയിൽ വിവിധങ്ങളായ പദ്ധതികൾ നടപ്പിലാക്കിവരുന്നു. പൊതു ജലാശയങ്ങളിൽ മത്സ്യ സമ്പത്ത് വർദ്ധിപ്പിക്കുന്നതിന് ഫിഷ് സ്റ്റോക്ക് എൻഹാൻസ്മെന്റ് & ഫംങ്ഷനിങ് ഓഫ് എഫ്.എം.സി എന്ന പദ്ധതി പ്രകാരം പൊതു ജലാശയങ്ങളിൽ മത്സ്യ കുഞ്ഞുങ്ങളെ നിക്ഷേപിച്ചുവരുന്നു. ടി പദ്ധതിയിൽ തദ്ദേശീയ മത്സ്യയിനങ്ങളെ സംരക്ഷിക്കുന്നതിനും, വർദ്ധിപ്പിക്കുന്നതിനും അതുവഴി പ്രാദേശിക മത്സ്യത്തൊഴിലാളികളുടെ വരുമാനം വർദ്ധിപ്പിച്ച് ജീവിത നിലവാരം ഉയർത്തുന്നതിനും സാധിക്കുന്നു. നടപ്പ സാമ്പത്തിക വർഷം 295 ലക്ഷം രൂപ ടി പദ്ധതി നടത്തിപ്പിന് വകകൊള്ളിച്ച് നടപ്പിലാക്കി വരുന്നു. സംസ്ഥാനത്തെ റിസർവോയറുകളിൽ കൂട് കൃഷി പദ്ധതി നടപ്പിലാക്കി വരുന്നു. റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി ബാണാസുരസാഗർ അണക്കെട്ടിൽ കൂട് കൃഷി പദ്ധതിക്ക് 3.2 കോടി രൂപയുടെ അംഗീകാരം നൽകിയിട്ടുണ്ട്. ഇതിനുപുറമെ അഷ്ടമുടി/വേമ്പനാട് കായലുകളിൽ മത്സ്യസമ്പത്ത് സംരക്ഷിക്കാനും അതുവഴി ഉല്പാദനം കൂട്ടുന്നതിനുമായി, 95 ലക്ഷം രൂപയുടെയും 248 ലക്ഷം രൂപയുടെയും പദ്ധതികൾ യഥാക്രമം നടപ്പിലാക്കിവരുന്നു. |

| | | | |
|---|---|---|---|
| ബി) | ഉപയോഗ ശൂന്യമായ പൊതു-സ്വകാര്യ ജലാശയങ്ങളിൽ സഹകരണ സ്ഥാപനങ്ങൾ വഴി നാടൻ മത്സ്യോത്പാദനം വർദ്ധിപ്പിക്കുന്നതിന് പ്രത്യേക പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കുമോ; | ബി) | 2019-20 സാമ്പത്തിക വർഷം ഉപയോഗശൂന്യമായ പൊതു ജലാശയങ്ങളിൽ നാടൻ മത്സ്യോല്പാദനം വർദ്ധിപ്പിക്കുന്നതിന് വരാൽ, കാരി, മുഷി, കരിമീൻ, ചെമ്മീൻ, ഞണ്ട് എന്നിവ കൃഷിചെയ്യുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കി വരുന്നു. ടി പദ്ധതികളിൽ സഹകരണ സ്ഥാപനങ്ങൾക്കും ഗുണഭോക്താക്കളാകാവുന്നതാണ്. |
| സി) | അന്യം നിന്നുപോകുന്ന ശുദ്ധജല മത്സ്യങ്ങളുടെ സംരക്ഷണവും വ്യാപനവും ലക്ഷ്യമാക്കിക്കൊണ്ട് എന്തെങ്കിലും പദ്ധതികൾ നടപ്പാക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ? | സി) | സംസ്ഥാനത്ത് അന്യം നിന്ന പോകുന്ന ശുദ്ധജല മത്സ്യങ്ങളുടെ സംരക്ഷണവും വ്യാപനവും ലക്ഷ്യമാക്കിക്കൊണ്ട് ഉൾനാടൻ മത്സ്യ ഉൽപാദനം വർദ്ധിപ്പിക്കുന്നതിനായി വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. "ഫിഷ് സ്റ്റോക്ക് എൻഹാൻസ്മെന്റ് & ഫംങ്ഷനിങ് ഓഫ് എഫ്.എം.സി" എന്ന പദ്ധതി പ്രകാരം ജലാശയങ്ങളിൽ ശുദ്ധ ജല മത്സ്യ കുഞ്ഞുങ്ങൾ ഉൾപ്പെടെയുള്ള മത്സ്യകുഞ്ഞുങ്ങളെ നിക്ഷേപിക്കുന്ന പദ്ധതി നടപ്പിലാക്കി വരുന്നു. കൂടാതെ റിസർവ്വോയറുകളിലും ശുദ്ധ ജല മത്സ്യകുഞ്ഞുങ്ങളെ നിക്ഷേപിച്ച് മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനും ഇതുവഴി സംരക്ഷിക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നു. ജനകീയ മത്സ്യകൃഷി പദ്ധതി പ്രകാരവും ശുദ്ധ ജല മത്സ്യകുഞ്ഞുങ്ങളെ കൃഷി ചെയ്ത് ഈ ഇനങ്ങളെ വ്യാപിപ്പിക്കുന്നതിനും നിലനിർത്തുന്നതിനും നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ സംസ്ഥാനത്തെ രണ്ട് പ്രധാന ഓരു ജലാശയങ്ങളായ വേമ്പനാട്, അഷ്ടമുടി കായലുകളിൽ കക്കാസമ്പത്തും മത്സ്യസമ്പത്തും സംരക്ഷിക്കുന്നതിന് 50 മത്സ്യ-കക്കാസംരക്ഷണ കേന്ദ്രങ്ങൾ സ്ഥാപിക്കുന്ന പദ്ധതി നടപ്പാക്കിവരുന്നു. |

**സെക്ഷൻ ആഫീസർ**